പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1991 — 17.12.2012 ൽ മറുപടിക്ക്

## കുറ്റകൃത്യങ്ങളുടെ വർദ്ധനവ് നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു<br>,, മാത്യൂ റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ; | (എ) ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും നിരീക്ഷണ ക്യാമറകൾ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും റഡിഡൻസ് അസോസിയേഷനുകൾ ജനമൈത്രി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികൾ വഴി കുറ്റകൃത്യങ്ങളെ സംബന്ധിച്ചും അവ തടയാനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകിയും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിൽ ഉടനടി നടപടി സ്വീകരിച്ചും കുറ്റകൃത്യങ്ങളുടെ വർദ്ധന നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് വ്യാപകമായ പിടിച്ചുപറി, മാലപൊട്ടിക്കൽ, സ്ത്രീകൾക്കെതിരെയുള്ള അക്രമം എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(സി) 2012-11 ലെയും 2011-12 ലെയും ഇതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ?

(സി) <u>2010 ഏപ്രിൽ മുതൽ 2011 മാർച്ച് വരെ</u>

പിടിച്ചുപറി - 649

മാലപൊട്ടിക്കൽ - 825

സ്ത്രീകൾക്കെതിരെയുള്ള അക്രമം - 11736

<u>2011 ഏപ്രിൽ മുതൽ 2012 മാർച്ച് വരെ</u>

പിടിച്ചുപറി - 785

മാലപൊട്ടിക്കൽ - 656

സ്ത്രീകൾക്കെതിരെയുള്ള അക്രമം - 12711

സെക്ഷൻ ഓഫീസർ